(ബി) ഈ കാലയളവിൽ പുതുതായി ആരംഭിച്ച കോഴ്സുകൾ ഏതൊക്കെയെന്നും ഓരോ കോഴ്സിനും അനുവദിച്ച സീറ്റുകളുടെ എണ്ണം എത്രയെന്നും വ്യക്തമാക്കുമോ;

(സി) പുതിയ കോഴ്സുകളോ ബാച്ചുകളോ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ ഏത് ഘട്ടം വരെ ആയിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിൽ 2001-2002 മുതൽ 2004-2005 വരെയുള്ള ഓരോ വർഷവും വിവിധ ആവശ്യങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി വയ്ക്കുന്നു. †

(ബി) 2001-2002 മുതൽ 2004-2005 വരെയുള്ള കാലയളവിൽ പുതുതായി വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകളൊന്നും ആരംഭിച്ചിട്ടില്ല.

(സി) ഉണ്ട്. പുതിയ 100 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളും (രണ്ട് ബാച്ചു വീതം) നിലവിലുള്ള സ്കൂളുകളിൽ 200 അധിക ബാച്ചുകളും ആരംഭിക്കുവാനുള്ള അനുമതിക്കായി വിശദമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്ന മുറയ്ക്ക് കോഴ്സുകൾ ആരംഭിക്കുന്നതാണ്.

എസ്. എസ്. എൽ. സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം

78 [3604] *ശ്രീ. കെ. പി. രാജേന്ദ്രൻ:*
,, *പി. നാരായണൻ:*
,, *എൻ. രാജൻ:*
,, *ബിനോയ് വിശ്വം:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷയിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ജില്ലാ നാഷണൽ സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ് പദ്ധതികളിൽ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിൽ വീഴ്ചവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അർഹരായ വിദ്യാർത്ഥികളെ യഥാസമയം സ്കോളർഷിപ്പിന് തെരഞ്ഞെടുക്കുന്നതിനും അവർക്ക് സ്കോളർഷിപ്പ് സംഖ്യ വിതരണം ചെയ്യുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ;

---

† അനുബന്ധം VI.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2001-2002-ൽ (എസ്. എസ്. എൽ. സി. മാർച്ച് 2001) റിസ്റ്റിറ്റുള്ള 451 വിദ്യാർത്ഥികളിൽ 139 പേർക്കുമാത്രം +1, +2 കോഴ്സിനുള്ള സ്കോളർഷിപ്പ് കൊടുക്കാനുണ്ടായ കാരണം എന്താണെന്ന് വെളിപ്പെടുത്താമോ;

(ഡി) തുടർന്നുള്ള വർഷങ്ങളിൽ വിദ്യാർത്ഥികളെ സ്കോളർഷിപ്പിന് തെരഞ്ഞെടുക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) ഇതുവരെയായി മേൽ സ്കോളർഷിപ്പ് പദ്ധതികളിൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനായി എത്ര തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഓരോ വർഷവും തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ, അർഹരായ വിദ്യാർത്ഥികൾ, ഇവർക്ക് വേണ്ടി വരുന്ന സംഖ്യ എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ വർഷത്തെ എസ്. എസ്. എൽ. സി. പരീക്ഷയോടെ റാങ്കിംഗ് സമ്പ്രദായം അവസാനിക്കുന്ന സാഹചര്യത്തിൽ ഈ സ്കോളർഷിപ്പ് പദ്ധതികൾ തുടർന്നു കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്കോളർഷിപ്പ് അതാതു വർഷങ്ങളിൽ അനുവദിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്.

(ബി) കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) മുൻവർഷങ്ങളിലെ അപേക്ഷകളോടൊപ്പം പ്രസ്തുത വർഷത്തിലെ 139 വിദ്യാർത്ഥികളുടെ അപേക്ഷകൾ പരിഗണിച്ചപ്പോൾ തന്നെ അനുവദിച്ച ഫണ്ട് പൂർണ്ണമായും തീർന്നിരുന്നു.

(ഡി) 2003 മാർച്ച് വരെ എസ്. എസ്. എൽ. സി. പാസായവർക്ക് സ്കോളർഷിപ്പിന് അർഹതയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിന്റെ അപര്യാപ്തതമൂലമാണ് സ്കോളർഷിപ്പ് അനുവദിക്കാത്തത്.

(ഇ) സ്കോളർഷിപ്പ് ഇതുവരെയുള്ള കുടിശ്ശിക വിതരണം ചെയ്യുന്നതിന് 4 കോടിയോളം രൂപ ആവശ്യമായി വരും. കൂടാതെ പുതിയ അപേക്ഷകൾ പരിഗണിക്കുന്നതിന് ഒരു വർഷം ഒന്നരക്കോടിയിലധികം രൂപ വേണ്ടിവരും.

(എഫ്) റാങ്കിംഗ് സമ്പ്രദായം അവസാനിക്കുമെങ്കിലും മാർക്കിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് പദ്ധതികൾ തുടരാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly